ആലപ്പുഴ: അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഉന്നത വിജയം കൈവരിച്ച സ്കൂളിലെ പ്രഥമ അദ്ധ്യാപകരെയും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻമാരെയും മന്ത്രി ജി.സുധാകരൻ പൊന്നാട നൽകി ആദരിച്ചു. നൂറ് ശതമാനം വിജയം കൈവരിച്ച സ്കൂളുകൾക്ക് പിന്നീട് പുരസ്കാരം നൽകുമെന്നും മന്ത്രി ജി.സുധാകരൻ പറഞ്ഞു.

സാമൂഹ്യ ബോധം വിദ്യാർത്ഥികളിലൂടെ വളർത്തിയെടുക്കുവാന് കഴിയുന്നത് വിദ്യാഭ്യാസ ബോധത്തിലൂടെയാണ്. സർക്കാരിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ഇശ്ചാശക്തിയുടെ ഫലമായാണ് ഈ കൊറോണ കാലത്തും കൃത്യമായി പരീക്ഷ നടത്തി ഫലം പ്രഖ്യാപിച്ച് കുട്ടികൾക്ക് ഉന്നത പഠനത്തിന് അവസരം നൽകിയിട്ടുള്ളത്. ഇത് കൂട്ടായ പ്രവർത്തനത്തിന്റെ വിജയം കൂടിയാണെന്നും മന്ത്രി പറഞ്ഞു. മണ്ഡലത്തിലെ 18 സ്കൂളുകളിലെയും പ്രഥമ അദ്ധ്യാപകരെയും എസ്.എം.സി ചെയർമാൻമാരെയുമാണ് ആദരിച്ചത്. ഇതോടൊപ്പം ഉന്നത വിജയം കൈവരിക്കുന്നതിന് വേണ്ടി ജില്ലയില് നേതൃത്വം കൊടുത്ത വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ധന്യ ആര് കുമാര്, ഡി.ഇ.ഒ ഭാരതി ഷേണായി എന്നിവരെയും മന്ത്രി അനുമോദിച്ചു.

സെന്റ് മേരീസ് ഹൈസ്കൂള് വട്ടയാല്, ഗവ: മുഹമദൻസ് ബോയ്സ് ഹയര് സെക്കന്ററി സ്കൂള് ആലപ്പുഴ, ഗവ: മുഹമദൻസ് ഗേൾസ് ഹയര് സെക്കന്ററി സ്കൂൾ ആലപ്പുഴ, ലജനത്തുൾ മുഹമദിയ ഹയര് സെക്കന്ററി സ്കൂള് ആലപ്പുഴ, സെന്റ് ജോസഫ് ഹൈസ്കൂള് പുന്നപ്ര, ആലപ്പുഴ, ഗവ: ഹയർ സെക്കന്ററി സ്കൂള് പറവൂര്, അറവുകാട് ഹയര് സെക്കന്ററി സ്കൂള് പുന്നപ്ര, റ്റി.ഡി ഹയർ സെക്കന്ററി സ്കൂള് ആലപ്പുഴ, ഗവ: ഗേൾസ് ഹയര് സെക്കന്ററി സ്കൂള് ആലപ്പുഴ, സെന്റ് ആന്റണീസ് ഹൈസ്കൂള് ആലപ്പുഴ, കാർമല് അക്കാദമി ആലപ്പുഴ, ഗവ: മോഡൽ ഹയര് സെക്കന്ററി സ്കൂള് ആലപ്പുഴ, കെ.കെ.കുഞ്ചുപിള്ള മെമ്മോറിയൽ ഹയര് സെക്കന്ററി സ്കൂള് അമ്പലപ്പുഴ, എസ്.എൻ.എം.എച്ച്.എസ്.എസ് പുറക്കാട്, ഗവ: ഹൈസ്കൂൾ കാക്കാഴം, ഹയർ സെക്കന്ററി സ്കൂള് തിരുവമ്പാടി, എം.ആർ.എസ് സ്കൂൾ പുന്നപ്ര, ഗവ: ഹൈസ്കൂൾ നാലുചിറ എന്നീ സ്കൂളുകൾക്കാണ് പറവൂര് ഹൈസ്കൂൾ അങ്കണത്തില് വെച്ച് മന്ത്രി ആദരവ് നൽകിയത്.